# മതേതര പ്രതിഛായക്ക് ജാമിഅ വിദ്യാർഥികളുടെ സൈക്കിൾ റാലി

**ജാമിഅ**-മില്ലിയ്യയുടെ മതേതര പ്രതിഛായ നിലനിർത്തുന്നതിന് 25 വിദ്യാർഥികൾ സൈക്കിൾ റാലി നടത്തുമെന്ന് പുതിയ വി.സി നജീബ് ജംഗ് അറിയിച്ചു. 'മനസ്സുകളെ കൂട്ടിയിണക്കുക' എന്ന മുദ്രാവാക്യമുയർത്തി റാലി രാജസ്ഥാനിലെ പുഷ്കർ ക്ഷേത്രത്തിൽ നിന്നാരംഭിച്ച് അജ്മീർ ദർഗ, ജയ്പൂർ എന്നിവിടങ്ങളിലൂടെ കടന്ന് ദൽഹിയിൽ സമാപിക്കും. ഫെബ്രുവരി 3ന് ആരംഭിക്കുന്ന റാലി 10-ന് ജാമിഅയിൽ അവസാനിക്കുമ്പോൾ കേന്ദ്ര മാനവ ശേഷി വികസന മന്ത്രി കപിൽ സിബൽ ജാഥാംഗങ്ങളെ സ്വീകരിക്കും. '19,000 വിദ്യാർഥികൾ പഠിക്കുന്ന ഒരു മഹാ സ്ഥാപനമാണിത്. ഒരു മുസ്‌ലിം സ്ഥാപനം എന്ന നിലവിലെ പ്രതിഛായക്ക് കടകവിരുദ്ധമായി ഇത് ഒരു തികഞ്ഞ മതേതര സ്ഥാപനമാണ്. ഞങ്ങളുടേത് ഒരു ഉന്നത മദ്റസയല്ല. ഇത്തരം തെറ്റിദ്ധാരണകൾ നീക്കുകയാണ് റാലിയുടെ ഉദ്ദേശ്യം.' ജംഗ് പറഞ്ഞു. നേരത്തെ റിലയൻസ് കമ്പനിയിലെ ഉയർന്ന ഉദ്യോഗസ്ഥനായിരുന്നു നജീബ് ജംഗ്.

## അൽഖൈർ ചാരിറ്റബ്ൾ ട്രസ്റ്റ്
# ബീഹാറിൽ നിന്നൊരു സേവന സംരംഭം

**സമൂഹത്തിൽ** അവശതയനുഭവിക്കുന്നവർക്ക് താങ്ങ് നൽകാൻ 1998ൽ പട്നയിൽ പ്രവർത്തനമാരംഭിച്ച അൽഖൈർ ചാരിറ്റബ്ൾ ട്രസ്റ്റ് ഇന്ന് ആയിരക്കണക്കിന് കുടുംബങ്ങൾക്ക് തണലേകിക്കൊണ്ട് മുന്നോട്ടു കുതിക്കുന്നു. പ്രമുഖ സാമൂഹിക പ്രവർത്തകനായ അർശദ് അജ്മൽ ആണ് ട്രസ്റ്റിന് നേതൃത്വം നൽകുന്നത്. ഇമാറത്തേ ശരീഅയിലെ പണ്ഡിതന്മാരാണ് ട്രസ്റ്റിന് മാർഗനിർദേശങ്ങൾ നൽകുന്നത്.

മൈക്രോഫിനാൻസ് മേഖലയിലാണ് ട്രസ്റ്റ് പ്രധാനമായും ശ്രദ്ധയൂന്നുന്നത്. ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങൾക്ക് പലിശരഹിത വായ്പകൾ നൽകി അവരെ സ്വയംപര്യാപ്തരാക്കാനുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. ഈ മേഖലയിൽ ട്രസ്റ്റ് ഇതിനകം 3.5 കോടി രൂപ ചെലവഴിച്ചു കഴിഞ്ഞു. ഷോർട്ട് ടേം ബിസിനസ് ലോൺ, മുറാബിഹ ലോൺ, ഡിമാന്റ് ലോൺ എന്നീ സംരംഭങ്ങളാണ് ഇതിലുള്ളത്. ബീഹാറിനു പുറമെ ദൽഹി, ഝാർഖണ്ഡ്, യു.പി തുടങ്ങിയ സംസ്ഥാനങ്ങളിലേക്കും അൽഖൈറിന്റെ പ്രവർത്തനം വ്യാപിപ്പിച്ചു കൊണ്ടിരിക്കുകയാണ്.

വിദ്യാർഥികൾക്ക് പഠനഫീസ്, സ്കോളർഷിപ്പ് എന്നിവ നൽകുന്ന രണ്ട് സ്കീമുകളും ട്രസ്റ്റ് നടത്തുന്നുണ്ട്. മെഡിക്കൽ ക്യാമ്പുകൾ, പ്രകൃതിദുരന്ത നിവാരണ

പ്രവർത്തനങ്ങൾ, സ്കോളർഷിപ്പു ബോധവൽക്കരണം, ഈദ് കിറ്റുകൾ, വസ്ത്ര വിതരണം, സംഘടിത ബലി, വനിതാ കേന്ദ്രം തുടങ്ങിയ പ്രവർത്തനങ്ങളും ട്രസ്റ്റ് നടത്തിവരുന്നുണ്ട്.

**ബന്ധപ്പെടാവുന്ന വിലാസം:** arshadajmal@yahoo.co.in

## ന്യൂനപക്ഷ വിദ്യാർഥിനികൾക്ക് ഹോസ്റ്റൽ

**ബീഹാറിലെ** പ്രശസ്തമായ പട്ന യൂനിവേഴ്സിറ്റിയിൽ ന്യൂനപക്ഷ വിദ്യാർഥിനികൾക്ക് പ്രത്യേകം ഹോസ്റ്റൽ. സംസ്ഥാന ന്യൂനപക്ഷ ക്ഷേമവകുപ്പാണ് മദർ തെരേസയുടെ പേരിലാരംഭിക്കുന്ന ഹോസ്റ്റൽ നിർമിച്ചിരിക്കുന്നത്. പ്രൊ. വി.സി സയ്യിദ് ഐ. അഹ്സാൻ ചെയർമാനായും ഉർദുവിഭാഗം തലവൻ പ്രഫ. ഇജാസ് അലി അർഷാദ്, വിമൻസ് ട്രെയ്നിംഗ് കോളേജ് പ്രിൻസിപ്പൽ മുനവ്വർ ജഹാൻ, പേർഷ്യൻ വകുപ്പ് മേധാവി ആബിദ് ഹുസൈൻ, സൈക്കോളജി അധ്യാപകൻ ഇഫ്തിഖാർ ഹുസൈൻ എന്നിവർ അംഗങ്ങളായ സമിതിക്കാണ് ഹോസ്റ്റലിന്റെ മേൽനോട്ടം.

## ബഹാദൂർഷാ സഫറിന്റെ പിൻഗാമിക്ക് കൊടുംദാരിദ്ര്യം

**അവസാനത്തെ** മുഗൾ ചക്രവർത്തിയായിരുന്ന ബഹാദൂർഷാ സഫറിന്റെ പൗത്രി സുൽത്താന ബീഗം കൊടും ദാരിദ്ര്യത്തിലാണ് ജീവിക്കുന്നത്. കൊൽക്കത്തയിൽനിന്ന് 80 കി.മീ അകലെ ചായക്കട നടത്തുകയാണ് ഈ മുഗൾ പിൻഗാമി ഇപ്പോൾ. നാലു പെൺമക്കളുള്ള വിധവയായ സുൽത്താനയെ പുനരധിവസിപ്പിക്കാൻ പത്രപ്രവർത്തകനായ ശിവ്നാഥ് ജായും ഭാര്യ നീന ജായും പണം സ്വരൂപിക്കുകയാണ്. പണം കണ്ടെത്തുന്നതിനുവേണ്ടി ഇന്ത്യയിലെ പ്രധാനമന്ത്രിമാരെക്കുറിച്ച് ഒരു കൈപ്പുസ്തകം തയാറാക്കിയിരിക്കുകയാണ് ഈ ദമ്പതികൾ. 5 ലക്ഷം രൂപ സമാഹരിച്ച് ബാങ്കിൽ നിക്ഷേപിക്കാനാണ് പദ്ധതി. കൊൽക്കത്തയിലെ ഒരു സ്കൂളിൽ സുൽത്താനക്ക് ജോലി നൽകാമെന്നും ഒരു ഫാർമസ്യൂട്ടിക്കൽ കമ്പനി വീട് നൽകാമെന്നും ഏറ്റിട്ടുണ്ട്.

## 'അഫ്മി'യുടെ വിദ്യാഭ്യാസ സമ്മേളനം

**അമേരിക്കൻ** ഫെഡറേഷൻ ഓഫ് മുസ്ലിംസ് ഓഫ് ഇൻഡ്യൻ ഒറിജിൻ (AFMI) ഇൻഡോറിൽ അന്താരാഷ്ട്ര വിദ്യാഭ്യാസ സമ്മേളനവും അവാർഡ് ദാനവും നടത്തി. ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ കമീഷൻ ചെയർമാൻ ജസ്റ്റിസ് എം.എസ്.എ സിദ്ദീഖി മുഖ്യാതിഥിയായിരുന്നു. പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു മുസ്ലിം സമുദായം അകത്തേക്ക് തന്നെയാണ് നോക്കേണ്ടതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ന്യൂനപക്ഷ വിദ്യാഭ്യാസത്തിന് പ്രത്യേക അവകാശം ഭരണഘടന നൽകുന്നുണ്ടെന്നും അത് പരമാവധി പ്രയോജനപ്പെടുത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. രവി ജോഷി, അഡ്വ. അശ്വനി ജോഷി, ഇൻഡോർ മേയർ കൃഷ്ണ മുരാരി മോഘെ, ഡോ. ഇഖ്ബാൽ അഹ്മദ്, ഡോ. എ.ആർ നാകാദാർ തുടങ്ങിയവർ സംസാരിച്ചു.

അഫ്മിയുടെ വിദ്യാഭ്യാസ അവാർഡ് മുംബൈയിലെ മുബാറക് കപാഡിക്കും സാഹിത്യ അവാർഡ് കവി ആനന്ദ് മോഹൻ സുഷ്തി ഗുൽസാർ ദഹ്ലവിക്കും നൽകി.

**അബ്ബാദ്**